# തേജസ്സിൽ യേശുവിൻ പൊൻമുഖം ഞാൻ കാണും

തേജസ്സിൽ യേശുവിൻ പൊൻമുഖം ഞാൻ കാണും
കാലമേറ്റം ആസന്നമേ
അതെന്നാശയേ അതെന്നാനന്ദമേ
അതെൻ പ്രത്യാശയിൻ പ്രഭാതമേ (2)

1. അനന്ദ ദായകനാം എൻ പ്രിയനെ കണ്ടിടുമ്പോൾ
കണ്ണുനീരെല്ലാം നീങ്ങിടുമേ
എന്റെ അല്ലലാകെ അകന്നിടും
എനിക്കാനന്ദമേ യുഗായുഗം (2) തേജസ്സിൽ

2. വാഗ്ദത്ത നാടതിലെ ശ്വാശതമാം വീട്ടിലെൻ
സേവകർ ദൈവ ദൂതരല്ലോ
ദൈവ പൊൻമുഖം ദിനം കണ്ടിടും
ശുദ്ധരോടൊന്നായ് ഞാൻ സ്തുതിച്ചിടും (2) തേജസ്സിൽ

3. ഹാ ഇത ഭാഗ്യമെൻ ജീവിതത്തിനേകിയ
പ്രാണപ്രിയനെൻ പ്രേമോദമേ
അവനെന്റെ ഉപനിധി കാത്തിടും
വാന മേഘത്തിലെന്നെ ചേർത്തിടും (2) തേജസ്സിൽ

4. ഈ മണ്ണിലെന്റെ ക്ളേശം അല്പകാലം മാത്രം
മാഞ്ഞുപോം അതു കിനാവുപോൽ
നിത്യ തേജസ്സിൻ ഘനമാണതിൻ
ഫലമെൻ പ്രിയനന്നു നൽകിടും. (2) തേജസ്സിൽ